"Restoration or repair of immediate nature of the damaged infrastructure" എന്നാണ് പറയുന്നത്. ഏതായാലും നിലവിലുള്ള കുളങ്ങളും കിണറുകളും renovate ചെയ്യാനുള്ള പണം നൽകാം. Extra-ordinary situation വരികയാണെങ്കിൽ സ്ട്രിക്ട് കംപ്ലയൻസ് എന്നുള്ളത് മാറ്റി, കുഴൽക്കിണറുകൾ കുഴിക്കുകയെന്ന നയപരമായ തീരുമാനത്തെപ്പറ്റി ആലോചിക്കാം. പക്ഷെ ഇപ്പോൾ നിലവിലുള്ളത് റിനൊവേഷനാണ്. അതിന് ആവശ്യമായ പണം തരാം.

(7) അടൂർ താലൂക്കിൽ വരൾച്ചാ ദുരിതാശ്വാസത്തിന് അടിയന്തിര സഹായം ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിരൂക്ഷമായ വരൾച്ചയെക്കുറിച്ചാണ് എനിക്ക് അങ്ങയുടെ മുൻപിൽ അവതരിപ്പിക്കാനുള്ളത്. സർ, അടൂർ താലൂക്ക് അതിരൂക്ഷമായ വരൾച്ചബാധിത പ്രദേശമായിട്ട് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്. 5 പഞ്ചായത്തും മുനിസിപ്പാലിറ്റിയും അടങ്ങുന്ന എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലത്തിനിടയ്ക്ക് ഉണ്ടായിട്ടുള്ളതിനേക്കാൾ ഏറ്റവും രൂക്ഷമായ കൊടിയ വരൾച്ചകൊണ്ട് ആളുകൾ ബുദ്ധിമുട്ടുകയാണ്. സർ, ഗവൺമെന്റിന്റെ ഒരു തീരുമാനംകൊണ്ട് ഈ പുതിയ വർക്കുകൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഒരു പൈപ്പ് എക്സ്ടെൻഷനുവേണ്ടി 50 മീറ്റർ പോലും പൈപ്പ് എക്സ്ടെൻഷൻ അനുവദിക്കുകയില്ല എന്ന സർക്കാർ നിലപാടു കാരണം 50 മീറ്ററിനകത്തുള്ളവർക്കും അതിന്റെ ഗുണഫലം അനുഭവിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പത്തനംതിട്ട ജില്ലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുകയോ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾക്ക് പ്രയോറിറ്റി കൊടുക്കുകയോ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ കഴിഞ്ഞ 14-ാം തീയതി ജില്ലാ കളക്ടർമാരുടെ ഒരു യോഗം ഞാൻ വിളിക്കുകയുണ്ടായി. അതിനകത്ത് ക്ലാരിഫിക്കേഷൻ നൽകിയിട്ടുണ്ട്. കുറച്ച് ദൂരത്തിൽ പൈപ്പ് കണക്ഷൻ ആവശ്യമായി വന്നാൽ അത് വാട്ടർ അതോറിറ്റി ചെയ്യേണ്ടതാണ്. കുറെ ദൂരത്തേക്ക് ഏതെങ്കിലും ഒരു പൈപ്പ് കണക്ഷന് ആവശ്യമെങ്കിൽ ഇതിൽപ്പെടുത്തി ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഭൂഗർഭടാങ്ക് വേണമെങ്കിൽ നിർമ്മിക്കുന്നതിനും വെള്ളം ശേഖരിക്കുന്നതിനും വേണ്ടിയുള്ള ടാങ്കുകൾ നിർമ്മിക്കുന്നതിനും ഒക്കെയുള്ള, ചെറിയ വർക്കുകളെ സംബന്ധിച്ച് ആവശ്യമായ ഫണ്ട് കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. പത്തനംതിട്ട ജില്ലയ്ക്ക് ഏഴരക്കോടി രൂപ കൊടുത്തിട്ടുണ്ട്. രൂപയില്ലാത്ത പ്രശ്നമില്ല. രൂപ എല്ലാ ജില്ലകൾക്കും അവയിലബിൾ ആക്കിയിരിക്കുകയാണ്. എവിടെയൊക്കെ ബുദ്ധിമുട്ടുണ്ടോ അവിടെയൊക്കെ അവ പരിഹരിക്കാനായിട്ടുള്ള നടപടികൾ സ്വീകരിക്കുകയാണ്.

IV. റിപ്പോർട്ട് സമർപ്പണം

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2004-ലെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly